പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2742 **28-10-2026-ൽ മറുപടിയ്ക്ക്**

അട്ടൂർ മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന ജലസേചന സംവിധാനങ്ങളുടെ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. വി. ശാന്തകുമാർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) അട്ടൂർ നിയോജകമണ്ഡലത്തിലെ നിലവിലെ ജലസേചന പദ്ധതികളും, കുടിവെള്ളവിതരണ സംവിധാനങ്ങളും കാലപ്പഴക്കം ചെന്ന് കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയാത്തതിനാൽ ജലസേചന കനാലുകൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ നവീകരിക്കുന്നതിനും പഴയ ജലവിതരണ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: അട്ടൂർ നിയോജക മണ്ഡലത്തിൽ പന്തളം മുൻസിപ്പാലിറ്റി,പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിലവിൽ മുട്ടാർ,മഞ്ഞനാകുളം,ഐരാണിക്കുടി,കാക്കാത്തുരുത്ത്,ഇരട്ടടി,കടക്കാട്,തുമ്പമൺ എന്നീ 7ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂമായി 20.46കിലോമീറ്റർ ലീഡിങ് ചാനൽ 427ഹെക്ടറോളം ഭൂമിയിൽ കൃഷി ആവശ്യങ്ങൾക്കായി ജലസേചനം നടത്തിവരുന്നു.ലീഡിങ്ങ് ചാനലുകളുടെ അറ്റകുറ്റപ്പണികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. കൂടാതെ ആലപ്പഴിഞ്ഞി,തോട്ടക്കോണം,ഇരിട്ടടി-II എന്നീ പുതിയ 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിർമാണവും പുരോഗതിയിലാണ്. കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിച്ചിട്ടുള്ള കനാലുകളും കനാൽ നിർമ്മിതികളും സമയബന്ധിതമായി പുതുക്കി പണിയുന്നതിലേക്കായി പ്രൊപ്പോസൽ തയ്യാറാക്കി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. പ്രസ്തുത നിയോജകമണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ള വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും ആവശ്യമായ പുനരുദ്ധാരണ-നവീകരണ പ്രവൃത്തികൾ അമൃത്, ജൽ ജീവൻ മിഷൻ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നിലവിൽ പുരോഗതിയിലാണ്

സെക്ഷൻ ഓഫീസർ